LIBRARY ARCHIVES Kerala Legislative Assembly

പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്

228 (4271) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമാലിന്യങ്ങൾ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിന് തദ്ദേശീയമായി വികസിപ്പിച്ചെടുത്തിട്ടുള്ള പ്രസന്നൻസ് ഇക്കോബയോ സിസ്റ്റംസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ ഉപകാരപ്രദമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊച്ചിൻ സാങ്കേതിക യൂണിവേഴ്സിറ്റി മേധാവി, പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) തുടങ്ങിയവർ ശിപാർശ ചെയ്തിട്ടുള്ള (LSGD, DC/10029) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശുചിത്വ മിഷൻ പ്രസ്തുത സാങ്കേതിക വിദ്യ നടപ്പിലാക്കാതിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ;

(സി) ശുചിത്വ മിഷൻ മുഖേന എത്ര ഖര, ദ്രവ മാലിന്യ പ്ലാന്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു ; അവ ഏതെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംസ്കരണ പ്ലാന്റുകളുടെ ലഭ്യമാക്കിയ വിവരം ശുചിത്വ മിഷൻ സാങ്കേതിക സമിതി പരിശോധിക്കുകയും ശ്രീ. പ്രസന്നകുമാറിൽനിന്നും നേരിൽ വിവരങ്ങൾ ശേഖരിക്കുകയുമുണ്ടായി. എന്നാൽ ടി സംവിധാനത്തിന്റെ പൂർണ്ണമായ സാങ്കേതിക ശേഷി, മികവ് എന്നിവ പരിശോധിക്കാവുന്ന തരത്തിൽ വിവരങ്ങളും തെളിവുകളും രേഖകളും ഇതുവരെയും ശ്രീ. പ്രസന്നകുമാർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശുചിത്വ മിഷനെതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യമില്ല.

(സി) ശുചിത്വ മിഷൻ മുഖേന ഖരദ്രവ മാലിന്യ പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നില്ല.

പാറഖനനത്തിന് ലൈസൻസ്

229 (4272) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മുക്കുന്നിമലയിൽ പാറഖനനത്തിന് എത്ര പേർക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈസൻസ് നൽകിയ പാറമടകൾക്കെല്ലാം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നോ ; അനുമതി ഇല്ലാത്തവ എത്ര ; വ്യക്തമാക്കാമോ ;

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയ പാറമടകൾക്ക് പഞ്ചായത്ത് പാറഖനനത്തിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ചട്ടവിരുദ്ധമായി ലൈസൻസ് നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) മുക്കുന്നിമലയിൽ പാറഖനനം നടത്തുന്നതിന് 3 പേർക്ക് പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് നൽകിയിട്ടുണ്ടെന്നും പൊതുജനങ്ങളിൽനിന്നും വ്യാപകമായ പരാതികൾ ലഭിച്ച സാഹചര്യത്തിൽ ഈ സ്ഥാപനങ്ങൾക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് 9-7-2015-ലെ പഞ്ചായത്ത് കമ്മിറ്റി 4-ാം നമ്പരായി തീരുമാനിക്കുകയും തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലൈസൻസികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി പത്രം മേൽ പരാമർശിച്ചിട്ടുള്ള 3 പാറമടകൾക്കും ലഭ്യമായിട്ടുണ്ട്.

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ സ്റ്റോപ്പ് മെമ്മോ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ലെന്ന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ

1. ശ്രീ. ജെ. ആൽബർട്ട്, സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് (31-10-2013-ൽ സർവ്വീസിൽനിന്നും വിരമിച്ചു.)
2. ശ്രീ. ജെ. നോയൽ രാജ്, സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്.
3. ശ്രീ. ജി. എസ്. അജയകുമാർ, വില്ലേജ് ഓഫീസർ, പള്ളിച്ചൽ.
4. ശ്രീ. ആർ. ഗോപകുമാർ, ജില്ലാ ജിയോളജിസ്റ്റ്, മൈനിംഗ് ജിയോളജി വകുപ്പ് എന്നിവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ആൽബർട്ടിനെ 26-10-2013-ലെ സ.ഉ.(സാധാ.) നമ്പർ 2626/2013/ത.സ്വ.ഭ.വ. പ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും 31-10-2013-ലെ സ.ഉ.(സാധാ.) 2672/2013/ത.സ്വ.ഭ.വ. പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്യുടിയാൻ

LIBRARY ARCHIVES Kerala Legislative Assembly

31-10-2013-ന് സേവനത്തിൽനിന്നും വിരമിച്ചു. ടിയാനെതിരെ KSR Part III ചട്ടം 3(ബി) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പെൻഷനിൽ നിന്നും 500 രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് 6-5-2014-ലെ 66371/ഇ.പി.ബി2/13/ത.സ്വ.ഭ.വ. പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. രാകേഷ്, സെക്രട്ടറിമാരായിരുന്ന ശ്രീ. ആൽബർട്ട്, ശ്രീ. നോയൽ രാജ്, വില്ലേജ് ആഫീസർ ശ്രീ. അജയകുമാർ, ജില്ലാ ജിയോളജിസ്റ്റ് ശ്രീ. ആർ. ഗോപകുമാർ എന്നിവർക്കെതിരെ VC3/2014/SIV-II പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

230 (4273) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 വർഷത്തെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്നും അതിന്റെ ശതമാനവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മുൻ വർഷത്തെക്കാളും പഞ്ചായത്തുകളിൽ എത്ര ശതമാനമാണ് പദ്ധതി ചെലവിന് കുറവ് സംഭവിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) 2015-16 വർഷത്തേക്കുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ; പ്രസ്തുത ജില്ലയിൽ പദ്ധതിയാവിഷ്കരണത്തിനായുള്ള ജില്ലാതല യോഗം എത്രതവണ ചേർന്നിട്ടുണ്ടെന്നു വിശദമാക്കാമോ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കുടുംബശ്രീയുടെ കണക്കുകൾ സൂക്ഷിക്കുന്ന അക്കൗണ്ടന്റുമാരുടെ സേവനം

231 (4274) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly